**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 186** **22-07-2021 - ൽ മറുപടിയ്ക്ക്**

**കൈത്തറി മിത്ര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2020-21 വർഷത്തിൽ എത്ര വിദ്യാർത്ഥികൾക്ക് യൂണിഫോം നിർമ്മാണത്തിനായി കൈത്തറി വസ്ത്രം ലഭ്യമാക്കുവാൻ സാധിച്ചു എന്നും 2021-22-ൽ ഇതിനായി എത്ര മാത്രം ഉത്പന്നം നിർമ്മിച്ചിട്ടുണ്ടെന്നും വിതരണം ചെയ്തിട്ടുണ്ടെന്നും അറിയിയ്ക്കുമോ; | (എ) | 2020-21 അധ്യയന വർഷത്തേക്ക് 9.5 ലക്ഷം കുട്ടികൾക്കായി 46.5 ലക്ഷം മീറ്റർ കൈത്തറി യൂണിഫോം തുണി വിതരണം ചെയ്യുവാനായിരുന്നു ലക്ഷ്യമിട്ടിരുന്നതെങ്കിലും കോവിഡിന്റെ പശ്ചാത്തലത്തിൽ വിതരണം സാദ്ധ്യ മായില്ല. 2021-2022 അധ്യയന വർഷം ആദ്യ ഘട്ടമായി 38.02 ലക്ഷം മീറ്റർ യൂണിഫോം തുണി വിതരണം നടത്തിയിട്ടുണ്ട്. 2020-2021 അധ്യയന വർഷത്തേക്കായി മൊത്തം 52.89 ലക്ഷം മീറ്റർ യൂണിഫോം തുണി ഉത്പാദിപ്പിച്ചിരുന്നു. സ്കൂൾ യൂണിഫോം തുണി വിതരണത്തിന്റെ അന്തിമ കണക്ക് വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. 2021-2022 അധ്യയന വർഷത്തെ ഉത്പാദന കണക്കും തിട്ടപ്പെടുത്തി വരുന്നു. |
| (ബി) | കണ്ണൂരിലെ നാടുകാണി കിൻഫ്രാ പാർക്കിൽ സ്ഥാപിക്കുന്ന ഡൈയിംഗ് സെന്ററിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ; ആയത് എപ്പോൾ പ്രവർത്തനക്ഷമമാകുമെന്ന് അറിയിക്കുമോ; | (ബി) | കണ്ണൂരിലെ നാടുകാണി കിൻഫ്രാ പാർക്കിൽ സ്ഥാപിക്കുന്ന ഡൈയിംഗ് സെന്ററിന്റെ പദ്ധതി അടങ്കൽ തുകയായ 25.55 കോടി രൂപയിൽ നിന്നും 2020-21 സാമ്പത്തിക വർഷം സർക്കാർ അനുവദിച്ചിരുന്ന 1.50 കോടി രൂപ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് ആദ്യ ഗഡുവായി റിലീസ് ചെയ്യുകയും പ്രസ്തുത തുക ഉപയോഗിച്ചു വാങ്ങിയ ഡിജിറ്റൽ പ്രിന്റിംഗ് മെഷീൻ കിൻഫ്രാ പാർക്കിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 10 കോടി രൂപ ഉപയോഗിച്ചു തുടർ പ്രവർത്തനം നടത്തുവാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കൈത്തറി മിത്ര പദ്ധതിയുടെ ഉദ്ദേശവും പ്രവർത്തനവും വ്യക്തമാക്കുമോ; ഇത് എപ്പോൾ നടപ്പിൽ വരുത്തുവാൻ സാധിക്കുമെന്ന് വിശദമാക്കുമോ? | (സി) | കൈത്തറി മേഖലയിൽ നിലവിലുള്ള പതിനായിരത്തോളം നെയ്ത്തുകാരിൽ കൈത്തറി സ്കൂൾ യൂണിഫോം നെയ്യുന്നതിനുള്ള അയ്യായിരം നെയ്ത്തുകാരും, മറ്റു കൈത്തറി ഉൽപ്പന്നങ്ങൾ നെയ്യുന്നതിനു വേണ്ടി അയ്യായിരം പേരെയും |

| | | | |
|---|---|---|---|
| | | | സജ്ജമാക്കി 200 നെയ്ത്തുകാരും/തറികളും അടങ്ങുന്ന 50 ഗ്രൂപ്പുകളിലായി പ്രവർത്തനങ്ങൾ കേന്ദ്രീകൃതമായി നടത്തുക എന്നതാണ് പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്. ഓരോ കൈത്തറി ഗ്രൂപ്പുകൾക്കും (സഹകരണ സംഘങ്ങളും) അതിന്റെ പരിധിയിലെ ജനങ്ങൾക്ക് ആവശ്യമായ എല്ലാത്തരം കൈത്തറി ഉൽപ്പന്നങ്ങളും ആകർഷകമായ വിധത്തിൽ ഉൽപ്പാദിപ്പിച്ച് മുല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിതരണം നടത്തിയാൽ ആ സംഘത്തിലെ തൊഴിലാളികൾക്ക് മുഴുവൻ സ്ഥിരമായ ജോലിയും കൂലിയും നല്കാൻ കഴിയും. കൈത്തറി മേഖലയുടെ സമഗ്ര വികസനത്തിന് പരമ്പരാഗത കൈത്തറി വസ്തുങ്ങളെ അവയുടെ തനതു സവിശേഷത നിലനിർത്തികൊണ്ട് തന്നെ പുതുതലമുറയ്ക്ക് അനുയോജ്യമായ രീതിയിൽ പുന:രാവിഷ്കരിക്കുന്നതിനും ലാഭകരമായ വിധത്തിൽ ഉൽപ്പാദനവും വിപണനവും നേടിയെടുക്കുന്നതിനും കഴിയും. പ്രസ്തുത പദ്ധതി 2021-22 സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ